## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *44

04.02.2020 ൽ മറുപടിക്ക്

## ആഗോള നിക്ഷേപകസംഗമം 2020

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.റോജി എം. ജോൺ**<br>**ശ്രീ.പി.ടി. തോമസ്**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | 2020 ജനുവരിയിൽ കൊച്ചിയിൽ ആഗോള നിക്ഷേപകസംഗമം സംഘടിപ്പിച്ചതിലൂടെ സംസ്ഥാനത്ത് പുതിയ നിക്ഷേപങ്ങൾ സാധ്യമാക്കുന്നതിനുള്ള അന്തരീക്ഷം സംജാതമായിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്.<br><br>പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം.ഇ, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവേദം തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന 100 ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി.<br><br>അസെൻഡ് 2020 ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രൊജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവസംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത നിക്ഷേപക സംഗമത്തിലൂടെ എത്ര കോടി രൂപയുടെ വ്യവസായ നിക്ഷേപം സംബന്ധിച്ച ഉറപ്പുകളാണ് ലഭിച്ചത്; വിശദാംശം നൽകുമോ; | | |

| | | | |
|---|---|---|---|
| | | | കൊച്ചിയിൽ നടന്ന ASCEND 2020 നിക്ഷേപ സംഗമത്തിലൂടെ വലിയ തോതിൽ മുതൽ മുടക്കുള്ള 18 മെഗാ പദ്ധതിയുൾപ്പെടെ 100 ഓളം വ്യവസായ പദ്ധതികളാണ് നിക്ഷേപകർക്കിടയിൽ അവതരിപ്പിച്ചത്. അതുവഴി ഏകദേശം 1 ലക്ഷം കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താൽപര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. |
| **(സി)** | മുഖ്യമന്ത്രിയുടെ ഗൾഫ് യാത്രയിൽ നിക്ഷേപം സംബന്ധിച്ച് ഉറപ്പ് നൽകുകയോ ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയോ ചെയ്ത എത്ര നിക്ഷേപകർ പ്രസ്തുത നിക്ഷേപക സംഗമത്തിൽ പങ്കെടുക്കുകയും പുതിയ ഉറപ്പുകൾ നൽകുകയും ചെയ്തു എന്നറിയിക്കുമോ; | **(സി)** | കേരളത്തിന്റെ വികസനത്തിനായി പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിന് ദുബായിൽ പ്രവാസി വ്യവസായികളുടെ നിക്ഷേപ സംഗമം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ഗൾഫ് മേഖലയിലെ നിക്ഷേപകസമൂഹത്തിന് നിക്ഷേപ സൗഹൃദമായ കേരളത്തെ അടുത്തറിയാനും നിക്ഷേപസാധ്യതകൾ വ്യക്തമാക്കാനുമാണ് എൻ.ആർ.ഐ എമർജിംഗ് എന്റർപ്രെണേഴ്സ് മീറ്റ് എന്ന പേരിൽ നിക്ഷേപ സംഗമം സംഘടിപ്പിച്ചത്. കേരളത്തിൽ പതിനായിരം കോടി രൂപയുടെ നിക്ഷേപ വാഗ്ദാനമാണ് ദുബായിലെ വ്യവസായസമൂഹം നൽകിയത്. ഡി.പി.വേൾഡ് 3500 കോടി, ആർ.പി ഗ്രൂപ്പ് 1000 കോടി, ലുലു ഗ്രൂപ്പ് 1500 കോടി, ആസ്റ്റർ 500 കോടി, മറ്റു ചെറുകിട സംരംഭകർ ചേർന്ന് 3500 കോടി എന്നിങ്ങനെയാണ് നിക്ഷേപവാഗ്ദാനം. ഇതിൽ ഡി.പി.വേൾഡ് ഷിപ്പിംഗ് ആൻഡ് ലോജിസ്റ്റിക്ക്സ് വിഭാഗത്തിലും, ആർ.പി. ഗ്രൂപ്പ് ടൂറിസം മേഖലയിലും, ലുലു റീടെയിൽ മേഖലയിലും, ആസ്റ്റർ ആരോഗ്യ മേഖലയിലുമാണ് നിക്ഷേപം നടത്തുക എന്ന് അറിയിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഈ സംഗമത്തിൽ ലഭിച്ച ഉറപ്പുകൾ സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിന് സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത്; | (ഡി) | അസെൻഡ് 2020 സംഗമത്തിലൂടെ ലഭിച്ച പ്രോജക്റ്റ് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിലേയ്ക്കായി വ്യവസായ വകുപ്പിന്റെ കീഴിൽ നോഡൽ ഓഫീസർമാരെ നിയമിച്ചു വരികയാണ്.പ്രസ്തുത പ്രൊജെക്ടുകൾ നിലവിൽ വരുന്നതിനാവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുകയാണ് നോഡൽ ഓഫീസർമാരുടെ ചുമതല. |
| (ഇ) | നിക്ഷേപക സംഗമത്തിലെ ഉറപ്പുകൾ പ്രാവർത്തികമാകുന്ന പക്ഷം എത്ര പുതിയ തൊഴിലവസരങ്ങൾ സംസ്ഥാനത്ത് ഉണ്ടാകുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | അസെൻഡ് 2020 ൽ ലഭിച്ച പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനാവശ്യമായനടപടികൾ എടുത്തു വരികയാണ്. ആയതിനാൽ ഇത് മുഖേനയുള്ള യഥാർത്ഥ തൊഴിലവസരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി വരികയാണ്. എന്നിരുന്നാലും പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയാൽ ഏകദേശം 20,000 തൊഴിലവസരങ്ങളെങ്കിലും സൃഷ്ടിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**